# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 17**

---

## ബിരുദ സർട്ടിഫിക്കറ്റ്; പുനർ മൂല്യനിർണയ ഫലം ചേർക്കാത്തവർ ബന്ധപ്പെടണം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്നും 2017 മുതൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ വിജയിച്ചശേഷം സെമസ്റ്റർ പരീക്ഷയുടെ പുനർ മൂല്യനിർണയഫലം ചേർത്ത കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് ഇല്ലാതെ ബിരുദ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചവർ ഏപ്രിൽ 15ന് മുൻപ്  സർവകലാശാലയിൽ ബന്ധപ്പെടണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.*

*സർവകലാശാലയിൽനിന്ന് പല തവണ ബന്ധപ്പെട്ടിട്ടും പ്രതികരിക്കാത്ത അപേക്ഷകരുടെ പട്ടിക സർവകലാശാലാ വെബ് സൈറ്റിൽ*(www.mgu.ac.in) *പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടവർ പട്ടികയ്ക്കൊപ്പം നൽകിയിട്ടുള്ള ഫോൺ നമ്പരിലോ* ce@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിലോ ആണ് ബന്ധപ്പെടേണ്ടത്.*

*നിശ്ചിത സമയപരിധിക്കുള്ളിൽ പ്രതികരിക്കാത്തവരുടെ പുനർ മൂല്യനിർണയത്തിന്റെ ഫലം സർവകലാശാലാ തലത്തിൽ റദ്ദ് ചെയ്ത് ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1389/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 29 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.*

......................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ സിറിയക്(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2024 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ ഒന്നുവരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1390/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ എംഎ (എച്ച്.ആർ.എം 2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി), എം.എച്ച്.ആർ.എം (2020 അഡ്മിഷൻ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 26 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി മാർച്ച് 27 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 28 വരെയും അപേക്ഷ സ്വീകരിക്കും.*

...................

*നാലാം സെമസ്റ്റർ എൽഎൽഎം (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 24 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി മാർച്ച് 25 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 26 വരെയും അപേക്ഷ സ്വീകരിക്കും.*

...................

*ഒന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾക്ക് മാർച്ച് 26 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി മാർച്ച് 27 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 29 വരെയും അപേക്ഷ സ്വീകരിക്കും.*

...................

*മൂന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ.എൽ.ബി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ത്രിവത്സര എൽ.എൽ.ബി (2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015, 2016 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ ഏപ്രിൽ 21ന് ആരംഭിക്കും. മാർച്ച് 26 വരെ ഫീസ് അടച്ച്*

*അപേക്ഷ നൽകാം. ഫൈനോടുകൂടി മാർച്ച് 27 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 29 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1391/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**